
THE BIBLE
TRUTH
HOLY BIBLE

# EXCELLENT OFFER ALMOST FREE !

Receive 20 Attractive All New Books, Worth More Than Rupees Two Hundred, By Sending Rupees Thirty Only. (This is Mailing & Forwarding Charges Only) Good For Preachers, Teachers, And Students Of The Bible.

Also Available Are 20 Books In Hindi Just For Rupees Twenty Only.

All Books Are Mailed Free Of Charge. Send By M.O Only, Which Should Be Addressed To:

Editor,
THE BIBLE TEACHER
C-22, N. D. S E. II
NEW DELHI-110049.


## നോട്ടീസ്

ആർക്കെങ്കിലും മാസിക കിട്ടാതെ വരുമ്പോൾ, നിങ്ങൾ സ്ഥലം മാറുമ്പോൾ, മാസിക വേണ്ടന്നുള്ളവർ എല്ലാ കത്തിടപാടുകളിലും നിങ്ങളുടെ അഡ്രസിന്റെ മുകളിൽ കൊടുത്തിരിക്കുന്ന നമ്പർ വ്യക്തമായി എഴുതിയിരിക്കണം. പുതിയ അഡ്രസ് എഴുതുമ്പോൾ അതു വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം. പഴയ കോപ്പികൾ മാസങ്ങൾക്കു ശേഷം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതല്ല.

ലേഖനങ്ങളും കവിതകളും അയക്കുമ്പോൾ അതോടൊപ്പം അതു നിങ്ങളുടേതു തന്നെ എന്നു കാണിക്കുന്ന സാക്ഷ്യപത്രവും പൂർണ്ണവിലാസവും ഉണ്ടായിരിക്കണം. പ്രസിദ്ധീകരണയോഗ്യമെങ്കിൽ മാത്രം പ്രസിദ്ധീകരിക്കുന്നതാണ്.

വായനക്കാരുടെ എല്ലാവരുടേയും ഹൃദയം നിറഞ്ഞ സ്നേഹത്തിനും പ്രോത്സാഹനത്തിനും നന്ദി. വെറും വായനക്കാർ മാത്രമായിരിക്കാതെ വചനം പ്രായോഗികമാക്കി തീർക്കുക.

എഡിറ്റർ

# ബൈബിൾ ട്രൂത്ത്

Editors

P. K. VARGHESE J. C. CHOATE

Published by Church of Christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 10 December 1996 No. 9


## എഡിറ്റോറിയൽ

അപകടമരണങ്ങൾ നിത്യസംഭവമായി മാറിക്കൊണ്ടിരിക്കുന്ന ഒരു കാലയളവിലാണ് നാം ജീവിക്കുന്നതു. അതു ആകാശത്തിലാകാം, കടലിലാകാം, കരയിലുമാകാം; കാരണങ്ങൾ പലതാണെങ്കിലും അതിനിരയാകുന്നവർ അനവധിയാണ്. എന്തുകൊണ്ട് തുടർച്ചയായി ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നു എന്നതു പലരും ചിന്തിക്കാതിരിക്കുന്ന ഒന്നാണ്. യന്ത്രത്തകരാറെന്നോ, മനുഷ്യരുടെ അശ്രദ്ധയെന്നോ, കാലാവസ്ഥയുടെ മാറ്റം എന്നോ പ്രകൃതിയുടെതന്നെ പ്രതിഭാസമെന്നോ കാരണം കണ്ടെത്തി ആശ്വസിക്കയാണ് ഉത്തരവാദിത്വപ്പെട്ടവർ. അതിനപ്പുറമായി ആരും കടക്കുന്നില്ല. ലൗകിക മനുഷ്യന്റെ ചിന്താശക്തി ലോകത്തിൽ അതിരിട്ടിരിക്കയാണല്ലോ. ഇതുമൂലം വാസ്തവത്തിൽ ഉണ്ടാകുന്ന നഷ്ടം കണക്കാക്കുന്നവർ, തങ്ങളുടെ ജീവിതത്തിന്റെ നഷ്ടത്തെക്കുറിച്ച് ബോധവാന്മാരല്ല. അപകടങ്ങളും ദുരന്തങ്ങളും ഭയപ്പെടുന്നവർ തങ്ങളുടെ പ്രാണനെ വിലയേറിയതായി കാണുന്നവരാണ്.

പ്രകൃതിക്ഷോഭം നിമിത്തം മനുഷ്യജീവനും സ്വത്തിനും മറ്റും നാശനഷ്ടങ്ങൾ ഉണ്ടാകുന്നു. ഒന്നുകിൽ പ്രളയമായിരിക്കും അല്ലെങ്കിൽ വരൾച്ചയായിരിക്കും ജനങ്ങളെ ബാധിക്കുന്നതു. എന്തുകൊണ്ടാണിങ്ങനെ സംഭവിക്കുന്നതുഎന്ന് ഇനിയും ആളുകൾ തിരിച്ചറിയുന്നില്ല. ശാസ്ത്രം എത്ര പുരോഗതിയിൽ എത്തിയാലും ശാസ്ത്രജ്ഞർക്കും

ക്കു കാണാൻ കഴിയാത്ത കാരണം ഇതിന്റെ പിന്നിൽ ഉണ്ട്.
അതു കണ്ടെത്താൻ ഭൗതിക മനുഷ്യന്റെ നേത്രങ്ങൾ അപ
ര്യാപ്തം. ഭൂകമ്പം മറ്റൊരു ദുരന്തമാണ്. അതു പ്രകൃ
തിയുടെ പ്രതിഭാസമായി കരുതുന്നു. ഭൂമിയെ ചലിപ്പി
ക്കുന്നതു ആർ ? എന്തുകൊണ്ട് ഭൂമി ഇങ്ങനെ ചലിക്കുന്നു
എന്നതു ലൗകിക മനുഷ്യനു അവ്യക്തമാണ്. ഭൂമിയിൽ
എവിടെയാണെങ്കിലും ഇത്തരം സാഹചര്യങ്ങൾ ഏററവും
കൂടുതൽ ബാധിക്കപ്പെടുന്നതു മനുഷ്യരെയാണ്. നിങ്ങൾ
എപ്പോഴെങ്കിലും ഇതുപോലുള്ള ദുരന്തങ്ങളെക്കുറിച്ച്
ചിന്തിച്ചിട്ടുണ്ടോ? അല്ലെങ്കിൽ നിങ്ങൾ ഈവക ദുരന്തത്തി
നു ഇരയായി തീർന്നിട്ടുണ്ടോ ?

വിശുദ്ധ വേദ പുസ്തകത്തിൽ ഇസ്രായേലിന്റെ
ചരിത്രം പരിശോധിക്കുമ്പോൾ ദൈവം തന്റെ മഹത്വവും
ശക്തിയും ഭുജവീര്യവും കാണിച്ചുകൊടുക്കുന്നുണ്ട്.
മിസ്രയീമിൽ നിന്നു തന്റെ ജനമായ യെഹൂദന്മാരെ വിട്ട
യക്കാതിരുന്നപ്പോൾ മിസ്രയീമിൽ ദൈവം അയച്ച ബാധ
കൾ ഓരോന്നും അവരുടെ പാപം നിമിത്തം ആയിരുന്നു.
ദൈവമായ യെഹോവയുടെ കല്പനയെ തള്ളിക്കളഞ്ഞതു
കൊണ്ട് ദൈവം അവർക്കു താൻ ആരാണെന്ന് കാണിച്ചു
കൊടുക്കുകയാണ്. അവസാനത്തെ ബാധയായിരുന്ന സം
ഹാരദൂതൻ. മിസ്രയീമിലെ ആദ്യജാതന്മാരെ അതു പിടി
കൂടി. അവസാനം അവർ തന്റെ ജനമായ ഇസ്രായേലിനെ
വിട്ടയച്ചു. തന്റെ ജനത്തെ ദൈവം ചെങ്കടലിൽകൂടെ നട
ത്തിക്കൊണ്ടുപോയി. ശത്രു സൈന്യം അതേ കടലിൽ
മുങ്ങിപ്പോയി. ഒരു രാജാവിന്റെ ദൈവനിഷേധം എത്ര
യോ നിരപരാധികളെ ഇല്ലാതാക്കി. ദൈവ കോപമാണ്
ഇതിന്റെ പിന്നിൽ ഉണ്ടായിരുന്നതു. അതാരും തിരിച്ചറി
യുന്നില്ല.

★

# ന്യായവിധി ദിവസം

J. C. ചോട്ട്

അന്ത്യനാളിൽ ഒരു വിധി ഉണ്ടെന്നു വിശ്വസിക്കുന്നവർ അനേകരാണ്. എന്നാൽ ആ വിധിയുടെ വിശദരൂപം അറിയാത്തവരാണ് അവരിൽ ഭൂരിഭാഗവും. ന്യായവും അന്യായവും തമ്മിൽ വേർതിരിച്ച് കാണിച്ച് ന്യായം ചെയ്താൽ അതിൻെറ ഫലവും അന്യായം ചെയ്താൽ അതിൻെറ ഫലവും മനുഷ്യർക്ക് അനുഭവിക്കേണ്ടിവരും എന്ന് ദൈവം മുന്നറിയിച്ചിട്ടുണ്ട്. മനസിരുത്തി മനസിലാക്കേണ്ട പല കാര്യങ്ങളും ഈ വിഷയത്തെ സംബന്ധിച്ചുണ്ട്. സകല മനുഷ്യരും ദൈവത്തിൻെറ സൃഷ്ടികളാണ്; അതുകൊണ്ടു ദൈവവുമായിട്ടുള്ള കടപ്പാടിൽനിന്നു വിട്ടുനില്ക്കാവതല്ല. നന്മ ചെയ്താൽ ആരെയും ഭയപ്പെടേണ്ടതില്ലല്ലൊ. പക്ഷെ തിന്മയാണ് ചെയ്യുന്നതെങ്കിൽ ഭയപ്പെടാതെ പററുകയുമില്ല.

ക്രിസ്തുവിൻെറ വീണ്ടും വരവിൽ സംഭവിക്കാനിരിക്കുന്ന കാര്യങ്ങളിൽ ഒന്നാണ് ന്യായവിധി. അവസാന നാളിൽ, അന്ത്യദിനത്തിൽ കർത്താവായ യേശുക്രിസ്തു സകല മനുഷ്യരേയും ന്യായം വിധിക്കും. അന്നു എല്ലാവർക്കും ശമ്പളദിവസമായിരിക്കും. ഓഫീസുകളിൽ ആളുകൾ ശമ്പള ദിവസത്തിനായി കാത്തിരിക്കും. അന്ത്യനാളിൽ കൂലി കൊടുക്കുന്ന സമയം ആർക്കും അറിഞ്ഞുകൂടാത്ത സമയമായിരിക്കും എന്നോർക്കുക. ആരാണ് നിത്യരക്ഷക്കുള്ളവർ എന്നും ആരാണ് നിത്യശിക്ഷക്കുള്ളവർ എന്നും തീരുമാനിക്കപ്പെടുന്ന ദിവസമായിരിക്കും അതു. എല്ലാവരും കേട്ടിട്ടുള്ളതും ജനക്കൂട്ടം ഭയപ്പെടുന്നതുമായ ഒരു യഥാർത്ഥ ദിവസം തന്നെയായിരിക്കും അതു. ആർക്കും ഓടി ഒഴിയുവാൻ പററാത്ത ദിവസമായിരിക്കയും, നീട്ടി

വെക്കാൻ പാടാത്ത ഒരു ദിവസം, നിത്യത എവിടെ ചെല വഴിക്കും എന്നു നിർണ്ണയിക്കപ്പെടുന്ന ഭയങ്കരദിവസം തന്നെയാണ് ന്യായവിധിനാൾ.

ശാരീരിക മരണം എല്ലാവർക്കും അനുഭവപ്പെടുന്ന ഒരു സത്യമാണല്ലോ. അതു നിഷേധിക്കാൻ ആർക്കും സാദ്ധ്യമല്ല. എബ്രായ ലേഖകൻ രേഖപ്പെടുത്തിയിരിക്കുന്നതു: ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്കു നിയമിച്ചിരിക്കയാൽ ക്രിസ്തുവും അങ്ങനെതന്നെ അനേകരുടെ പാപങ്ങളെ ചുമപ്പാൻ ഒരിക്കൽ അർപ്പിക്കപ്പെട്ടു. തനിക്കായി കാത്തു നില്ക്കുന്നവരുടെ രക്ഷെക്കായി അവൻ പാപം കൂടാതെ രണ്ടാമതു പ്രത്യക്ഷനാവും (എബ്രായർ 9;27-28). പൌലോസ് റോമർക്കു ലേഖനമെഴുതുമ്പോൾ അവരെ ഓർപ്പിക്കുന്നതു നമുക്കും ബാധകമാണ്. "എന്നാണ എന്റെ മുമ്പിൽ എല്ലാ മുഴങ്കാലും മടങ്ങും; എല്ലാ നാവും ദൈവത്തെ സ്തുതിക്കും എന്നു കർത്താവു അരുളിച്ചെയ്യുന്നു" എന്നു എഴുതിയിരിക്കുന്നുവല്ലോ. ആകയാൽ നമ്മിൽ ഓരോരുത്തൻ ദൈവത്തോടു കണക്കു ബോധിപ്പിക്കേണ്ടിവരും (റോമർ 14:11.12).

അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിന്നു തക്കവണ്ണം പ്രാപിക്കേണ്ടതിന്നു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു (2 കൊരിന്ത്യർ 5:10). എല്ലായിടത്തും എല്ലാവരോടും ദൈവം ഇപ്പോൾ മാനസാന്തരപ്പെടുവാൻ പറഞ്ഞശേഷം മുന്നറിയിക്കുന്നതു എന്തെന്നാൽ, താൻ നിയമിച്ച പുരുഷൻ മുഖാന്തരം ലോകത്തെ നീതിയിൽ ന്യായം വിധിപ്പാൻ അവൻ ഒരു ദിവസത്തെ നിശ്ചയിച്ചു. അവനെ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ചതിനാൽ എല്ലാവർക്കും അതിന്റെ ഉറപ്പും നല്കിയിരിക്കുന്നു (പ്രവൃത്തി 17:31). ഈ ലോകത്തു ജനിച്ചു ജീവിക്കുന്ന ഏതൊരാൾക്കും ഉണ്ടാ

കാനിരിക്കുന്ന ഒന്നാണ് അന്തിമതീർപ്പ് ദൈവ ഹിതം വെളിപ്പെടുത്തി കഴിഞ്ഞിരിക്കയാണ്. മരണശേഷം എന്താണ് സംഭവിക്കുന്നതെന്ന് ഭൗതികമായ കണ്ണുകൾ കൊണ്ട് ആർക്കും ദർശിക്കാവുന്നതല്ല. അതുകൊണ്ടാണ് ഒരു പ്രത്യാശയായി അതിനെ വെച്ചിരിക്കുന്നത്.

പത്രോസ് അപ്പോസ്തലൻ ന്യായവിധിയെ കുറിച്ച് വിശദീകരിക്കുന്നുണ്ട്. "ന്യായവിധി ദൈവ ഗൃഹത്തിൽ ആരംഭിപ്പാൻ സമയമായല്ലോ. അതു നമ്മിൽ തുടങ്ങിയാൽ ദൈവത്തിന്റെ സുവിശേഷം അനുസരിക്കാത്തവരുടെ അവസാനം എന്താകും ? നീതിമാൻ പ്രയാസേന രക്ഷ പ്രാപിക്കുന്നുവെങ്കിൽ അഭക്തന്റേയും പാപിയുടേയും ഗതി എന്താകും ? അതുകൊണ്ടു ദൈവേഷ്ടപ്രകാരം കഷ്ടം സഹിക്കുന്നവർ നൻമ ചെയ്തുകൊണ്ടു തങ്ങളുടെ പ്രാണനെ വിശ്വസ്തനായ സൃഷ്ടാവിൽ ഭരമേല്പിക്കട്ടെ (1 പത്രൊസ് 4 : 17 - 18). മറ്റൊരാർത്ഥത്തിൽ പറഞ്ഞാൽ, ന്യായവിധിനാളിൽ കർത്താവിന്റെ സഭയിലുള്ളവരെ അവൻ രക്ഷിക്കും. എന്നാൽ സുവിശേഷം അനുസരിക്കാത്തവർ നഷ്ടപ്പെട്ടുപോകും. ദൈവത്തെ അറിയാത്തവർക്കും കർത്താവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും കർത്താവിന്റെ പ്രത്യക്ഷതയിൽ പ്രതികാരം കൊടുക്കേണ്ടതിനാണ് അവൻ വരുന്നതു (1 തെസ്സലൊനിക്യർ 1: 7 - 9). അവിശ്വാസികളും സുവിശേഷം അനുസരിക്കുവാൻ കഴിയാത്തവരും ന്യായവിധിനാളിൽ തള്ളപ്പെടും. പിന്നീട് അവർക്കു ഒരിക്കലും അവിടെ നിന്നു മോചനം ലഭിക്കയില്ല.

ആരാണ് നമ്മെ ന്യായം വിധിക്കുന്നത് ? യേശുക്രി

സ്തുവിന്റെ വാക്കുകളിൽ അതു വ്യക്തമാക്കിയിരുന്നു. എല്ലാവരും പിതാവിനെ ബഹുമാനിക്കുന്നതു പോലെ പുത്രനെയും ബഹുമാനിക്കേണ്ടതിനു പിതാവ് ആരെയും ന്യായം വിധിക്കാതെ ന്യായവിധി എല്ലാം പുത്രനു കൊടുത്തിരിക്കുന്നു. യേശുവിന്റെ വചനം കേട്ടു വേണം വിശ്വസിക്കുവാൻ. അങ്ങനെയുള്ളവർക്കാണ് അവൻ നിത്യജീവൻ നല്കുന്നത്. കർത്താവ് ഈ ഭൂമിയിൽ ആയിരുന്നപ്പോൾ ആരെയും വിധിച്ചില്ല. അവൻ പറയുന്നതു കേൾക്കുക: ''എന്റെ വചനം കൈക്കൊള്ളാതെ എന്നെ തള്ളികളയുന്നവനെ ന്യായം വിധിക്കുന്നവൻ ഉണ്ട്; ഞാൻ സംസാരിച്ച വചനം തന്നേ ഒടുക്കത്തെ നാളിൽ അവനെ ന്യായം വിധിക്കും'' (യോഹന്നാൻ 12 : 48). ഇപ്പോൾ മനസിലായില്ലേ കർത്താവ് എങ്ങനെയാണ് നമ്മെ വിധിക്കുന്നതു എന്ന് ? നാം ദൈവം അരുളിച്ചെയ്ത വചനങ്ങളാകുന്ന സത്യവേദപുസ്തകം ശരിയായി വായിച്ച് മനസിലാക്കി അനുസരിക്കണം. കാരണം ഈ വചനത്തിൽ എഴുതിയിരിക്കുന്നതിനനുസരിച്ചായിരിക്കും അന്ത്യവിധി. കർത്താവ് അങ്ങനെ പറഞ്ഞിട്ടുണ്ട് എന്നു നാം വിശ്വസിക്കുന്നുവോ ? കർത്താവ് കല്പിച്ചിട്ടുള്ള കാര്യങ്ങൾ നാം അനുസരിച്ചിട്ടുണ്ടോ ? നാം കർത്താവിന്റെ ഉപദേശങ്ങൾ വിശ്വസിക്കയും അനുസരിക്കുകയും ചെയ്താൽ ന്യായവിധിനാളിൽ നമ്മെ അവൻ അനുഗ്രഹിക്കും. അതു നാം നിഷേധിച്ചാൽ നാശമായിരിക്കും ഫലം. അതു നീതിപൂർവ്വം സത്യമായ അവസാനമായ വിധിയായിരിക്കും.

ആ നാളിനെ കുറിച്ച് കർത്താവ് പറഞ്ഞിരിക്കുന്നത്: എന്നോടു കർത്താവേ, കർത്താവേ എന്നു പറയു

ന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതു. കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും, നിന്റെ നാമത്തിൽ വളരെ വീര്യപ്രവർത്തികൾ പ്രവർത്തിക്കയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും. അന്നു ഞാൻ അവരോടു : ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരെ, എന്നെ വിട്ടു പോകുവിൻ എന്നു തീർത്തു പറയും (മത്തായി 7: 21 - 23). കർത്താവിന്റെ ഇഷ്ടം ചെയ്യാതെ അതിനു വിപരീതമായി പ്രവർത്തിക്കുന്ന മതപരമായ പല ആളുകളും അന്നാളിൽ തള്ളപ്പെടും എന്നു ചുരുക്കം - ഇന്ന് എത്രയോ പേർ ഇതുപോലുള്ള കാര്യങ്ങൾ യേശുവിന്റെ നാമത്തിൽ ചെയ്യുന്നു. പക്ഷെ അവർക്കതിനു അധികാരം കൊടുത്തതാരാണെന്നു ചിന്തിക്കുന്നില്ല. അവർ ചെയ്യുന്നതു ദൈവേഷ്ടമാണോ എന്നു ചിന്തിക്കുന്നില്ല. അവസാനം അവർക്കു നാശം സംഭവിക്കുമ്പോഴേ അവർ തങ്ങളുടെ അബദ്ധത്തെക്കുറിച്ച് അനുതപിക്കൂ.

നന്മചെയ്തവർ, തിന്മചെയ്തവർ, യുവതീയുവാക്കൾ, പ്രായമായവർ, വിശ്വാസികൾ, അവിശ്വാസികൾ, മതപരമായി ജീവിക്കുന്നവരും അല്ലാത്തവരും, ക്രിസ്തുവിന്റെ സഭയിലെ അംഗങ്ങളായവരും അംഗങ്ങൾ അല്ലാത്തവരും എല്ലാദേശക്കാരും ഭാഷക്കാരും ഗോത്രക്കാരും മറെറല്ലാവരും ന്യായവിധിനാൾ അവിടെ നില്ക്കേണ്ടിവരും. ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ എല്ലാവരും വെളിപ്പെട്ടുവരും.

ന്യായവിധിയുടെ ചിത്രം നല്കിക്കൊണ്ട് യേശു, മത്തായി 25-ാം അദ്ധ്യായത്തിൽ വ്യക്തമാക്കുന്നതു മനസിലാക്കുക. "മനുഷ്യ പുത്രൻ തന്റെ തേജസോടെ സകല വിശുദ്ധൻമാരുമായി വരുമ്പോൾ അവൻ തന്റെ തേജസിന്റെ സിംഹാസനത്തിൽ ഇരിക്കും. സകല ജാതികളെയും അവന്റെ മുന്നിൽ കൂട്ടും; അവൻ അവരെ ഇടയൻ ചെമ്മരിയാടുകളെയും കോലാടുകളെയും തമ്മിൽ വേർതിരിക്കുന്നതുപോലെ വേർതിരിച്ച്, ചെമ്മരിയാടുകളെ തന്റെ വലത്തും കോലാടുകളെ തന്റെ ഇടത്തും നിർത്തും. ഇവിടെ പറയുന്ന രണ്ടു കൂട്ടർക്കും- നീതിമാൻമാരും ദുഷ്ടൻമാരും. നീതിമാൻമാരെ അവൻ നിത്യജീവങ്കലേക്കും ദുഷ്ടൻമാരെ നിത്യനരകത്തിലേക്കും വേർതിരിക്കും. ന്യായവിധിക്കുശേഷം ഓരോരുത്തരും എത്തിച്ചേരുവാനുള്ളസ്ഥാനം വെളിപ്പെടുത്തിയിരിക്കുന്നു. പക്ഷെ അതു സ്വീകരിക്കേണ്ടത് ഓരോ വ്യക്തിയുമാണ് (മത്തായി 25 : 46).

ന്യായവിധിനാളിൽ നിങ്ങൾ കർത്താവിന്റെ മുൻപിൽ നില്ക്കാൻ തയ്യാറാണോ ? നിങ്ങൾ അതിനായി ഒരുങ്ങിയിട്ടുണ്ടോ ? തീരുമാനം കേൾക്കുവാൻ നിങ്ങൾ ഒരുങ്ങിയിട്ടുണ്ടോ ? നിത്യത നിങ്ങൾ എവിടെ ചെലവഴിക്കും ? ശ്രദ്ധിക്കുക, സമയം കടന്നു പോകുന്നു. ദൈവത്തെ കണ്ടുമുട്ടുവാൻ ഇപ്പോഴാണ് ഒരുങ്ങുന്നത്. പ്രിയ സ്നേഹിതാ, നിങ്ങൾ പിതാവായ ദൈവത്തിന്റെ ഇഷ്ടം അനുസരിക്കുന്നുവെങ്കിൽ ന്യായവിധി ഭയപ്പെടേണ്ടതില്ല.

★

# സത്യം വില്ക്കുകയല്ല വാങ്ങുകയത്രേ വേണ്ടത്

## T. പിയേഴ്സ് ബ്രൗൺ

മനസിന്റെ ഉപരിതലത്തിലേക്ക് ഒരു ചോദ്യം ഉയർന്നു വരാൻ സാദ്ധ്യതയുണ്ട്. ആരും വില്ക്കുന്നില്ലെങ്കിൽ ഒരാൾക്ക് എങ്ങനെ വാങ്ങാൻ പററും? എന്നാൽ സദൃശ്യവാക്യങ്ങൾ 23-ാം അദ്ധ്യായം 23-ാം വാക്യത്തിൽ ശലോമോൻ പ്രതിപാദിക്കുന്നതു ഭൗതിക വസ്തുക്കളുടെ വ്യാപാരമല്ല. നമ്മുടെ രാജ്യത്തിനു സ്വാതന്ത്ര്യം നേടിതന്നതു നമ്മുടെ പൂർവ്വീക പിതാക്കളുടെ കഠിന പ്രയത്നവും രക്തച്ചൊരിച്ചിലും ആയിരുന്നു. ക്രിസ്തീയ അവകാശത്തിനായി അനേകം പേർ രക്ത സാക്ഷിത്വം വഹിച്ചു. പക്ഷെ അവരാരും ഇതൊന്നും വില്ക്കുകയോ വാങ്ങുകയോ ചെയ്തതല്ല.

ഈ ആശയത്തിന്റെ പ്രസക്തി വർദ്ധിച്ചു വരുന്നതു സത്യത്തിന്റെ പ്രാധാന്യം നാം മനസിലാക്കുമ്പോഴത്രെ സത്യത്തെ ഉയർത്തി കാണിക്കുവാൻ ധാരാളം പേർ നിതാന്ത പരിശ്രമം നടത്തിയ ചരിത്രം നമുക്ക് മറക്കാൻ പററുന്നതല്ല. എന്നാൽ അസംഖ്യം പേർ ഒന്നോ അതിലധികമോ കാരണങ്ങളാൽ സത്യത്തെ വിററുകളഞ്ഞതായും വിവരണമുണ്ട്. സത്യം നിങ്ങൾ അറിയും സത്യം നിങ്ങളെ സ്വതന്ത്രരാക്കും എന്നു കർത്താവ് പറഞ്ഞപ്പോൾ (യോഹന്നാൻ 8;32) അതിൽ വിശാലമായ ഒരു തത്വം ഉൾക്കൊണ്ടിരിക്കുന്നു. ചരിത്ര പരമായ സത്യത്തെ കുറിച്ചുള്ള അറിവ് നമുക്കു പലകാര്യങ്ങളിലും സ്വാതന്ത്ര്യം തരുന്നു. വിശേഷിച്ച് ആവർത്തിച്ചുള്ള തെററുകൾ ഉപേക്ഷിക്കുവാൻ കഴിയും. ശാസ്ത്രീയ സത്യത്തെ കുറിച്ചുള്ള അറിവ് ആ രംഗത്തുള്ള

അന്ധവിശ്വാസങ്ങളിൽ നിന്നുള്ള സ്വാതന്ത്ര്യം നേടി തരുന്നു. മുൻപെങ്ങും കണ്ടെത്താൻ കഴിയാതിരുന്ന പലതും കൈപ്പിടിയിൽ ഒതുങ്ങുന്നതായി തീർന്നു.

സാമ്പത്തിക ശാസ്ത്രത്തെ കുറിച്ചുള്ള അറിവു കൊണ്ട് ദാരിദ്ര്യാവസ്ഥയിൽ നിന്നു മോചനം ലഭിക്കുന്നു. വൈദ്യശാസ്ത്ര രംഗത്തെ കുറിച്ചുള്ള അറിവ് മനുഷ്യരെ പല രോഗങ്ങളിൽ നിന്ന് സ്വതന്ത്രരാക്കുന്നു. രാജ്യത്തെ മഥിക്കുന്ന പല ബാധകളിൽ നിന്നും മോചനം വേണമെങ്കിൽ ധാർമ്മികവും വർഗ്ഗീയവുമായ സത്യത്തെ മനസിലാക്കിയിരിക്കണം. മതപരമായ സത്യത്തെ അറിയുമ്പോൾ പലവിധ പാപങ്ങളിൽ നിന്നും ശിക്ഷയിൽ നിന്നും ആളുകൾക്കു വിടുതൽ കിട്ടുന്നു. സത്യം നിങ്ങളെ സ്വതന്ത്രരാക്കും എന്നു യേശു പറഞ്ഞത് യാദൃശ്ചികമായി അറിയുമെന്നോ അത്ഭുതകരമായി സ്വതന്ത്രരാക്കുമെന്നോ അല്ല. ഓരോ വ്യക്തിക്കും ആത്മീയമായ സത്യം അറിയുവാനുള്ള അവസരം ലഭിക്കും. അതു ശരിയായി പ്രയോഗിച്ചാൽ ആ വ്യക്തിക്കു പ്രയോജനം ലഭിക്കും. സ്വതന്ത്രചിന്താശക്തിക്കനുസരിച്ചാണല്ലോ മനുഷ്യൻ പ്രവർത്തിക്കുന്നത്. അതുകൊണ്ട് അതിന്റെ ഗുണവും ദോഷവും അനുഭവിപ്പാൻ അവൻ കടപ്പെട്ടിരിക്കുന്നു. ദൈവം ആരേയും നിർബന്ധിച്ച് ഒന്നും ചെയ്യിക്കയില്ല. തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം എപ്പോഴും നമ്മിൽ ഉണ്ട്.

ശരിയായ മനോഭാവത്തോടെ ഒരാൾക്കു പ്രതികരിക്കാൻ മതിയായ അധികാരം മറ്റൊന്നിനാലും കിട്ടുന്നതല്ല. സത്യത്തിന്റെ വേഷം ധരിച്ചിരിക്കുന്ന വ്യക്തിക്കു മാത്രം അതിനു കഴിയൂ. എവിടെയാണെങ്കിലും സത്യം അന്വേഷിക്കുവാനും കണ്ടെത്തുവാനും അനുസരിക്കുവാനും എവിടെയായാലും നയിക്കപ്പെടുവാനും അത് പരിശീലിക്കുവാനും ഫലമെന്തായാലും സത്യത്തിൽ ഉറ

ച്ചുനില്പാനും ഉള്ള കടമ എല്ലാവർക്കും ഉള്ളതാണ്. പക്ഷെ പലരും ആ കർത്തവ്യത്തെ ദുർവിനിയോഗം ചെയ്യുന്നു എന്നതു പരിതാപകരമത്രെ.

മനുഷ്യരും മനുഷ്യരും തമ്മിലുള്ള ബന്ധത്തിൽ, സാധാരണ ഇടപാടുകളിൽ നാം സത്യത്തെ വിചാരിക്കുകയാണെങ്കിൽ, നമുക്ക് പെട്ടെന്ന് കാണാൻ കഴിയുന്നത് അപ്പൊസ്തലനായ പൗലൊസിൻെറ പ്രബോധനമാണ്. "ആകയാൽ ഭോഷ്ക് ഉപേക്ഷിച്ച് ഓരോരുത്തൻ താന്താൻെറ കൂട്ടുകാരനോട് സത്യം സംസാരിപ്പിൻ, നാം തമ്മിൽ അവയവങ്ങളല്ലൊ'' (എഫെസ്യർ 4:25). ക്രമമുള്ള ജീവിതം നയിക്കുന്ന ഒരു സമൂഹത്തിനു കമ്മ്യൂണിസത്തിനു പോലും സത്യത്തിൻെറ അഭാവത്തിൽ നില്പ്പാൻ സാദ്ധ്യമല്ല. സത്യത്തിൻെറ വില മനസിലാക്കുന്നതിൽ സംഭവിക്കുന്ന പരാജയമാണ് ക്രമ രഹിതമായ ജീവിതത്തിൻെറ മുഖ്യ കാരണങ്ങളിൽ ഒന്ന്. നമ്മുടെ സമൂഹത്തിൽ ധാരാളം വ്യാപാരസ്ഥാപനങ്ങൾ ഉണ്ട്. അളവു തൂക്ക ഉപകരണങ്ങൾ, കൃത്യമായവ ഉപയോഗിച്ചില്ലെങ്കിൽ അതു വാങ്ങുന്നവർക്കു നഷ്ടമായിരിക്കും ഫലം. സത്യസന്ധമായ കണക്കുകൾ സൂക്ഷിക്കാത്തതു കൊണ്ട് എന്തെല്ലാം പ്രശ്നങ്ങൾ ഉണ്ടാകുന്നു. അപ്പോൾ ചുരുക്കി പറഞ്ഞാൽ, സത്യത്തിൻെറ വില മനസിലാക്കി അതിൽ നില നില്ക്കാഞ്ഞാൽ കുഴപ്പങ്ങൾ ഉണ്ടാകും എന്നതു തീർച്ച. സത്യത്തിന് എന്നും അതിൻേറതായ വിലയുണ്ട്. ആർക്കും നിഷേധിക്കാനാകാത്ത യാഥാർത്ഥ്യമാണ് അത്.

തത്വശാസ്ത്രത്തിലും ശാസ്ത്രീയ തലത്തിലും ഒരേ പോലെ നാശം കൊയ്യുന്ന ചില കാര്യങ്ങൾ ഉണ്ട്. ഉദാഹരണമായി പരിണാമ സിദ്ധാന്തം എന്ന തെററായ ആശയഗതി സ്വീകരിക്കുന്നത്. അതുമായി ബന്ധപ്പെട്ടുള്ള വിശ്വാസ സംഹിതകൾ പറഞ്ഞറിയിക്കാൻ

പററാത്ത നാശം മനുഷ്യ സമൂഹത്തിൽ വിതറിയിരിക്കുന്നു. ദശലക്ഷക്കണക്കിനു ശിശുക്കളെ ജനിക്കുന്നതിനു മുൻപെ വധിക്കുന്നതു പോലും ഇങ്ങനെയുള്ള അബദ്ധത്താൽ സംഭവിക്കുന്നു. യോജിച്ചതിന്റെ നിലനില്പിനു യോജിപ്പില്ലാത്തതിനെ ഇല്ലാതാക്കുക എന്ന തത്വം മനുഷ്യർക്കു ചേർന്നതല്ല. യോഗ്യതയുള്ളവർക്കു വേണ്ടി യോഗ്യതയില്ലാത്തവർ ബലിയാടാവുക എന്നത് മനുഷ്യരോടു ചെയ്യുന്ന മനുഷ്യരുടെ മനഷ്യത്വരഹിതമായ പ്രവർത്തി തന്നെയാണ്. ശാസ്ത്രീയമായാലും തത്വചിന്തയിലായാലും ദ്രോഹം ഒരിക്കലും അനുവദിക്കാവുന്നതല്ല.

തെളിയിക്കപ്പെടുന്ന കാര്യങ്ങളെ യാഥാർത്ഥ്യ ബോധത്തോടെ അംഗീകരിക്കുക എന്നതാണല്ലൊ ശാസ്ത്രീയകണ്ടുപിടുത്തങ്ങളുടെ ലക്ഷ്യം. എന്നാൽ സാധാരണക്കാർ ഇവയെ സത്യമെന്നു വിചാരിച്ച് സ്വീകരിക്കുന്നു. എത്ര വലിയ ശാസ്ത്രജ്ഞനു പോലും തന്റെ പരീക്ഷണത്താൽ തെളിഞ്ഞുവരുന്നവയെ ഊഹിക്കയാണ് ചെയ്യുന്നത്. അതായത് അവനു മുൻപ് കിട്ടിയ അറിവിന്റെ പശ്ചാതലത്തിൽ വിവേചിച്ച് ഒരു നിഗമനത്തിലെത്തുന്നു. മാനുഷികമായ ഊഹം എന്നു തന്നെ അതിനെ വിളിക്കാം. ഞാൻ പറഞ്ഞതിന്റെ ചുരുക്കം ഇതാണ്: എന്തുകൊണ്ടാണ് ഒരു സംഭവം നടക്കുന്നത് എന്നതിനു പറയുന്ന കാരണം, അതു വിശദമായി ചോദിച്ചാൽ എന്തുകൊണ്ടാണ് വിവരിക്കാൻ അവർക്കു പ്രയാസം നേരിടുന്നതു ? ഇനി മനുഷ്യനെ എടുക്കാം. മനുഷ്യന്റെ ആരംഭം എവിടെ നിന്ന്? അവന്റെ ജീവിതോദ്ദേശം എന്താണ്? ആ ഉദ്ദേശം അവനു എങ്ങനെ നിവർത്തിക്കാൻ കഴിയും.

★

(ശേഷം അടുത്ത ലക്കത്തിൽ)

# നിസ്തുലമായ ദൈവസ്നേഹം

ജോണി രാംസെ

മനോഹരമായ അനേക വേദഭാഗങ്ങളിൽ താരതമ്മ്യം ചെയ്‌വാൻ അസാദ്ധ്യമായ ദൈവ സ്നേഹത്തെകുറിച്ച് പുകഴ്ത്തി പറയുന്നുണ്ട്. ഹാ ദൈവത്തിന്റെ ധനം, ജ്ഞാനം അറിവ് എന്നിവയുടെ ആഴമേ! അവന്റെ ന്യായ വിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു (റോമർ 11:33). ക്രിസ്തു വിശ്വാസത്തിൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിനു വരം നല്കേണമെന്നും നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായി വീതിയും നീളവും ഉയരവും ആഴവും എന്തു എന്നു സകല വിശുദ്ധന്മാരോടു കൂടെ ഗ്രഹിപ്പാനും പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിന്റെ സ്നേഹത്തെ അറിവാനും പ്രാപ്തരാകയും ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞു വരികയും വേണം എന്നും പ്രാർത്ഥിക്കുന്നു (എഫെസ്യർ 3:17-19). ദൈവത്തിന്റെ ധനികമായ അവസ്ഥയും അതിനു നമ്മുടെ പ്രതികരണം എന്താണ് എന്നും സൂചിപ്പിച്ചു കൊണ്ട് ധാരാളം ഗാനങ്ങൾ രചിച്ചിട്ടുണ്ട്.

ദൈവ വാഗ്ദാനങ്ങൾ സൗജന്യമായി നല്കുന്നവയാണ്. നമുക്കു നേടിയെടുക്കുവാൻ പറ്റാത്തവയാണ് അവ. നമ്മുടെ രക്ഷകൻ, കാൽവറിയിൽ മരിച്ചതിന്റെ സത്യം എന്തെന്ന് നാം തിരിച്ചറിയണം. ദൈവത്തിന്റെ കൃപ, കരുണ, മനസ്സലിവ്, സ്നേഹം എന്നിവ അറിയിക്കുന്നു. അനുഗ്രഹിക്കപ്പെട്ട പ്രത്യാശ ലഭിക്കുവാൻ തക്ക യാതൊരു യോഗ്യതയും നമ്മിൽ ഇല്ല. നമ്മുടെ സൃഷ്ടി കർത്താവിന്റെ ദയവിനാൽ ഒഴുകുന്നതാണ് പാപമോചനം. നമ്മെ വീണ്ടെടുക്കുന്നത്, പാപത്തിൽ

നിന്നും, മരണത്തിൽ നിന്നും, നരകത്തിൽ നിന്നുമാണ്. പാപരഹിതനായ നമ്മുടെ രക്ഷകന്റെ ത്യാഗ പൂർണ്ണമായ യാഗത്തെ അനുസ്മരിപ്പിക്കുന്നു. ഒരു ദുഷ്ട ലോകത്തിനു മുഴുവനായി താൻ ഏറെറടുത്ത വ്യക്തിപരമായ വേദന, അനുഭൂതി എന്നിവ ഓർമ്മിപ്പിക്കുന്നതാണ് ഗൊല്ഗൊഥാ സംഭവം. എന്റെ രക്ഷകൻ ഈ ഭൂമിയിലേക്കു വന്നതെന്തിനാണ്? എന്നെ സ്നേഹിച്ചതുകൊണ്ട് രക്ഷിപ്പാൻ വന്നതാണ്.

ആശക്കു വകയില്ലാതിരുന്ന നമ്മുടെ നിസ്സഹായാവസ്ഥയെ വരച്ച് വിശദീകരിച്ചിരിക്കുന്നു. "മുമ്പെ നാമും ബുദ്ധി കെട്ടവരും അനുസരണമില്ലാത്തവരും വഴി തെററി നടക്കുന്നവരും നാനാ മോഹങ്ങൾക്കും ഭോഗങ്ങൾക്കും അധീനരും ഈർഷ്യയിലും അസൂയയിലും കാലം കഴിക്കുന്നവരും ദ്വേഷിക്കുന്നവരും അന്യോന്യം പകെക്കുന്നവരും ആയിരുന്നുവല്ലോ. എന്നാൽ നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ ദയയും മനുഷ്യപ്രീതിയും ഉദിച്ചപ്പോൾ അവൻ നമ്മെ നാം ചെയ്ത നീതിപ്രവർത്തികളാലല്ല, തന്റെ കരുണ പ്രകാരമത്രെ രക്ഷിച്ചതു നാം അവന്റെ കൃപയാൽ നീതീകരിക്കപ്പെട്ടിട്ടു പ്രത്യാശ പ്രകാരം നിത്യജീവന്റെ അവകാശികളായി തീരേണ്ടതിന് പുനർജ്ജനന സ്നാനം കൊണ്ടും നമ്മുടെ രക്ഷിതാവായ യേശുക്രിസ്തുവും നമ്മുടെ മേൽ ധാരാളമായി പകർന്ന പരിശുദ്ധാത്മാവിന്റെ നവീകരണം കൊണ്ടും തന്നെ (തീത്തൊസ് 3:3-9). സാത്താന്റെ പിടിയിൽ നിന്നും മോചനം പ്രാപിക്കാൻ തക്ക യാതൊന്നും, ദുഷ്ടതയും ലജ്ജയും വക്രതയും ഉള്ള മനുഷ്യരിൽ ഇല്ലായിരുന്നു. പ്രത്യാശയില്ലാതെ, ദൈവമില്ലാത്തവരായി ജീവിച്ചിരുന്നു. പാപത്തിന്റെയും ദു:ഖത്തിന്റെയും മരുഭൂമിയിൽ കിടന്നു മനുഷ്യർ വൃഥാ പോരാടുകയാണ്; രക്ഷപ്പെടുവാൻ അവനു സ്വയമായി കഴിയുകയില്ല.

# നിസ്തുലമായ ദൈവസ്നേഹം

ജോണി രാംസെ

മനോഹരമായ അനേക വേദഭാഗങ്ങളിൽ താരതമ്മ്യം ചെയ്‌വാൻ അസാദ്ധ്യമായ ദൈവ സ്നേഹത്തെക്കുറിച്ച് പുകഴ്ത്തി പറയുന്നുണ്ട്. ഹാ ദൈവത്തിന്റെ ധനം, ജ്ഞാനം അറിവ് എന്നിവയുടെ ആഴമേ! അവന്റെ ന്യായ വിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു (റോമർ 11:33). ക്രിസ്തു വിശ്വാസത്തിൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിനു വരം നല്കേണമെന്നും നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായി വീതിയും നീളവും ഉയരവും ആഴവും എന്തു എന്നു സകല വിശുദ്ധന്മാരോടു കൂടെ ഗ്രഹിപ്പാനും പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിന്റെ സ്നേഹത്തെ അറിവാനും പ്രാപ്തരാകയും ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞു വരികയും വേണം എന്നും പ്രാർത്ഥിക്കുന്നു (എഫെസ്യർ 3:17-19). ദൈവത്തിന്റെ ധന്യകരമായ അവസ്ഥയും അതിനു നമ്മുടെ പ്രതികരണം എന്താണ് എന്നും സൂചിപ്പിച്ചു കൊണ്ട് ധാരാളം ഗാനങ്ങൾ രചിച്ചിട്ടുണ്ട്.

ദൈവ വാഗ്ദാനങ്ങൾ സൗജന്യമായി നല്കുന്നവയാണ്, നമുക്കു നേടിയെടുക്കുവാൻ പറ്റാത്തവയാണ് അവ. നമ്മുടെ രക്ഷകൻ, കാൽവറിയിൽ മരിച്ചതിന്റെ സത്യം എന്തെന്ന് നാം തിരിച്ചറിയണം. ദൈവത്തിന്റെ കൃപ, കരുണ, മനസലിവ്, സ്നേഹം എന്നിവ അറിയിക്കുന്നു. അനുഗ്രഹിക്കപ്പെട്ട പ്രത്യാശ ലഭിക്കുവാൻ തക്ക യാതൊരു യോഗ്യതയും നമ്മിൽ ഇല്ല. നമ്മുടെ സൃഷ്ടി കർത്താവിന്റെ ദയവിനാൽ ഒഴുകുന്നതാണ് പാപമോചനം. നമ്മെ വീണ്ടെടുക്കുന്നത്, പാപത്തിൽ

നിന്നും, മരണത്തിൽ നിന്നും, നരകത്തിൽ നിന്നുമാണ്. പാപരഹിതനായ നമ്മുടെ രക്ഷകൻെറ ത്യാഗ പൂർണ്ണമായ യാഗത്തെ അനുസ്മരിപ്പിക്കുന്നു. ഒരു ദുഷ്ട ലോകത്തിനു മുഴുവനായി താൻ ഏറ്റെടുത്ത വ്യക്തിപരമായ വേദന, അനുഭൂതി എന്നിവ ഓർമ്മിപ്പിക്കുന്നതാണ് ഗൊല്ഗൊഥാ സംഭവം. എൻെറ രക്ഷകൻ ഈ ഭൂമിയിലേക്കു വന്നതെന്തിനാണ്? എന്നെ സ്നേഹിച്ചതുകൊണ്ട് രക്ഷിപ്പാൻ വന്നതാണ്.

ആശക്കു വകയില്ലാതിരുന്ന നമ്മുടെ നിസ്സഹായാവസ്ഥയെ വരച്ച് വിശദീകരിച്ചിരിക്കുന്നു. "മുമ്പെ നാമും ബുദ്ധി കെട്ടവരും അനുസരണമില്ലാത്തവരും വഴി തെററി നടക്കുന്നവരും നാനാ മോഹങ്ങൾക്കും ഭോഗങ്ങൾക്കും അധീനരും ഈർഷ്യയിലും അസൂയയിലും കാലം കഴിക്കുന്നവരും ദ്വേഷിക്കുന്നവരും അന്യോന്യം പകെക്കുന്നവരും ആയിരുന്നുവല്ലോ. എന്നാൽ നമ്മുടെ രക്ഷിതാവായ ദൈവത്തിൻെറ ദയയും മനുഷ്യപ്രീതിയും ഉദിച്ചപ്പോൾ അവൻ നമ്മെ നാം ചെയ്ത നീതിപ്രവർത്തികളാലല്ല, തൻെറ കരുണ പ്രകാരമത്രേ രക്ഷിച്ചതു നാം അവൻെറ കൃപയാൽ നീതീകരിക്കപ്പെട്ടിട്ടു പ്രത്യാശ പ്രകാരം നിത്യജീവൻെറ അവകാശികളായി തീരേണ്ടതിന് പുനർജ്ജനന സ്നാനം കൊണ്ടും നമ്മുടെ രക്ഷിതാവായ യേശുക്രിസ്തുവും നമ്മുടെ മേൽ ധാരാളമായി പകർന്ന പരിശുദ്ധാത്മാവിൻെറ നവീകരണം കൊണ്ടും തന്നെ (തീത്തോസ് 3:3-9). സാത്താൻെറ പിടിയിൽ നിന്നും മോചനം പ്രാപിക്കാൻ തക്ക യാതൊന്നും, ദുഷ്ടതയും ലജ്ജയും വിക്രതയും ഉള്ള മനുഷ്യരിൽ ഇല്ലായിരുന്നു. പ്രത്യാശയില്ലാതെ, ദൈവമില്ലാത്തവരായി ജീവിച്ചിരുന്നു. പാപത്തിൻെറയും ദു:ഖത്തിൻെറയും മരുഭൂമിയിൽ കിടന്നു മനുഷ്യർ വ്യഥാ പോരാടുകയാണ്; രക്ഷപ്പെടുവാൻ അവനു സ്വയമായി കഴിയുകയില്ല.

സ്വർഗ്ഗീയ പദവി മാററി വെച്ച് കഷ്ടത നിറഞ്ഞ ലോകത്തിലേക്കു വന്നതു രക്ഷകൻെറ നിത്യമായ സ്നേഹം നിമിത്തമായിരുന്നു. സങ്കീർത്തനക്കാരൻ പറയുന്നതു: കർത്താവേ, നീ നല്ലവനും ക്ഷമിക്കുന്നവനും അപേക്ഷിക്കുന്നവരോടൊക്കെയും മഹാ ദയാലുവുമാകുന്നു (സങ്കീർത്തനങ്ങൾ 86:5). അപ്രമേയമായ അവൻെറ കൃപ നമുക്കു വെളിപ്പെടുത്തി തന്നിരിക്കുന്നു. നമ്മുടെ വീഴ്ച്ചയുടെ ആഴമോ നിത്യ ശിക്ഷാ വിധിയുടെ ഫലമോ മാററുവാൻ നമുക്കു ഒരിക്കലും കഴിയുമായിരുന്നില്ല. പ്രവാചകൻ ചോദിക്കുന്ന ചോദ്യം നോക്കുക ''അകൃത്യം ക്ഷമിക്കുകയും തൻെറ അവകാശത്തിൽ ശേഷിപ്പുള്ളവരോടു അതിക്രമം മോചിക്കയും ചെയ്യുന്ന നിന്നോടു സമനായ ദൈവം ആരുള്ളു? അവൻ എന്നേക്കും കോപം വെച്ചുകൊള്ളുന്നില്ല; ദയയിലല്ലൊ അവനു പ്രസാദമുള്ളത്. അവൻ നമ്മോടു വീണ്ടും കരുണ കാണിക്കും; നമ്മുടെ അകൃത്യങ്ങളെ ചവിട്ടിക്കളയും, അവരുടെ പാപങ്ങളെ ഒക്കെയും നീ സമുദ്രത്തിൻെറ ആഴത്തിൽ ഇട്ടുകളയും.

എന്നെ സ്നേഹിച്ചതിൻെറ കാരണം അന്വേഷിച്ചുകൊണ്ട് ഞാൻ യേശു ക്രിസ്തുവിൻെറ ഹൃദയത്തിലേക്കു ഇറങ്ങിചെന്നു, ദൈവം തൻെറ പുത്രനെ ഈ ലോകത്തിലേക്കു അയച്ചതു ലോകത്തെ വിധിപ്പാനല്ല; ലോകം അവനാൽ രക്ഷ പ്രാപിപ്പാനത്രെ (യോഹന്നാൻ3:17). ആരെങ്കിലും നഷ്ടപ്പെടുന്നുവെങ്കിൽ അതു യേശുവിൻെറ രക്ഷാ വഴിയെ മന:പൂർവ്വം തള്ളികളയുന്നതുകൊണ്ടാണ്. യേശു ക്രിസ്തുവിൻെറ പ്രസ്താവന അതിനു തെളിവാണ്. എങ്കിലും ജീവൻ പ്രാപിക്കേണ്ടതിനു എൻെറ അടുക്കൽ വരുവാൻ നിങ്ങൾക്കു മനസില്ല (യോഹന്നാൻ5:40). പാപികളായിരുന്ന ഇസ്രായേൽ മക്കളോട് പ്രവാചകൻ മൂലം അരുളിച്ചെയ്യുന്നതു ''മനുഷ്യ പാശങ്ങൾകൊണ്ടു, സ്നേഹ ബന്ധങ്ങൾ കൊണ്ടുതന്നേ,

ഞാൻ അവരെ വലിച്ചു. എന്നാൽ ജനങ്ങൾ അവരുടെ മത്സരവും ശാഠ്യവും നിമിത്തം വിട്ടകന്നു പോയി (ഹോശേയ 11:4). അവരെ കുറിച്ചു പുതിയനിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്: 'അനുസരിക്കാത്തതും മറുത്തു പറയുന്നതുമായ ജനത്തിങ്കലേക്കു ഞാൻ ഇടവിടാതെ കൈ നീട്ടി'' (റോമർ 10:21).

പത്രോസ് യേശുവിനെ മൂന്നു പ്രാവശ്യം തള്ളി പറഞ്ഞശേഷം വീണ്ടെടുപ്പുകാരനായ കർത്താവ് അവനു മൂന്നു അവസരം തന്റെ സ്നേഹത്തെ ഉറപ്പിക്കുന്നതിനു നല്കുന്നുണ്ട്. ഒരിക്കൽ തള്ളിക്കളഞ്ഞതായ സ്നേഹത്തെ പുനസ്ഥാപിക്കാനായിരുന്നു അത് (യോഹന്നാൻ 21:15). കണക്കു ബോധിപ്പിക്കുന്ന അവസാന നാളിൽ നാം എന്നേക്കുമായി നഷ്ടപ്പെടുകയാണെങ്കിൽ അതു നമ്മുടെ മാത്രം കാരണങ്ങൾ കൊണ്ടായിരിക്കും. വീണ്ടും വീണ്ടെടുപ്പിൻ സന്ദേശം ലോകത്തിൽ എല്ലായിടത്തും പ്രത്യേകിച്ച് നമ്മുടെ ഇടയിലും കേൾപ്പിക്കുന്നില്ലേ? ക്രൂശിൽ നമുക്കായി മരണം ഏറ്റെടുത്ത ദൈവപുത്രന്റെ നീതിയുടെ വഴി കാണിച്ചു തന്നിട്ടും സ്വന്ത വഴിയിൽ പ്രത്യാശവെക്കുന്നവർക്കു അവസാനം ലജ്ജയായിരിക്കും അനുഭവം. ആ ദൈവത്തിന്റെ സ്നേഹത്തെ മാനിക്കാതെ നന്ദിയില്ലാത്തവരായി തീർന്നു.

വാട്ടമില്ലാത്ത ദേശത്തിലേക്കു നയിക്കുന്ന ദിവസം എത്ര ആനന്ദമായിരിക്കും എന്നോർക്കുക. ശക്തമായ കാന്തത്തെ പോലെ ആകർഷിക്കുകയാണ് നമ്മുടെ മഹത്വമുള്ള ദൈവം. അപ്പൊസ്ഥലന്മാർ കണ്ടു സാക്ഷീകരിച്ച വസ്തുതയാണ് പിതാവ് പുത്രനെ ഈ ലോകത്തിലേക്കു അയച്ചു എന്നതു, ലോകത്തെ രക്ഷിക്കുവാൻ അവൻ സഹിച്ച വേദനയും ദുരിതവും ഭയങ്കരമായിരുന്നു. കാരണം നമ്മിലുള്ള ആത്മാക്കളോടുള്ള അതീവ സ്നേഹം. ഇന്നും ആ സ്നേഹം കൈ നീട്ടുന്നു നമ്മെ ചേർക്കുവാനായി. പക്ഷെ നിങ്ങൾ അതു കാണുന്നുവോ?

★

സ്വർഗ്ഗീയ പദവി മാററി വെച്ച് കഷ്ടത നിറഞ്ഞ ലോകത്തിലേക്കു വന്നതു രക്ഷകന്റെ നിത്യമായ സ്നേഹം നിമിത്തമായിരുന്നു. സങ്കീർത്തനക്കാരൻ പറയുന്നതു: കർത്താവേ, നീ നല്ലവനും ക്ഷമിക്കുന്നവനും അപേക്ഷിക്കുന്നവരോടൊക്കെയും മഹാ ദയാലുവുമാകുന്നു (സങ്കീർത്തനങ്ങൾ 86:5). അപ്രമേയമായ അവന്റെ കൃപ നമുക്കു വെളിപ്പെടുത്തി തന്നിരിക്കുന്നു. നമ്മുടെ വീഴ്ച്ചയുടെ ആഴമോ നിത്യ ശിക്ഷാ വിധിയുടെ ഫലമോ മാററുവാൻ നമുക്കു ഒരിക്കലും കഴിയുമായിരുന്നില്ല. പ്രവാചകൻ ചോദിക്കുന്ന ചോദ്യം നോക്കുക ‘‘അകൃത്യം ക്ഷമിക്കുകയും തന്റെ അവകാശത്തിൽ ശേഷിപ്പുള്ളവരോടു അതിക്രമം മോചിക്കയും ചെയ്യുന്ന നിന്നോടു സമനായ ദൈവം ആരുള്ളു? അവൻ എന്നേക്കും കോപം വെച്ചുകൊള്ളുന്നില്ല; ദയയിലല്ലോ അവന്നു പ്രസാദമുള്ളത്. അവൻ നമ്മോടു വീണ്ടും കരുണ കാണിക്കും; നമ്മുടെ അകൃത്യങ്ങളെ ചവിട്ടിക്കളയും. അവരുടെ പാപങ്ങളെ ഒക്കെയും നീ സമുദ്രത്തിന്റെ ആഴത്തിൽ ഇട്ടുകളയും.

എന്നെ സ്നേഹിച്ചതിന്റെ കാരണം അന്വേഷിച്ചുകൊണ്ട് ഞാൻ യേശു ക്രിസ്തുവിന്റെ ഹൃദയത്തിലേക്കു ഇറങ്ങിചെന്നു, ദൈവം തന്റെ പുത്രനെ ഈ ലോകത്തിലേക്കു അയച്ചതു ലോകത്തെ വിധിപ്പാനല്ല; ലോകം അവനാൽ രക്ഷ പ്രാപിപ്പാനത്രേ (യോഹന്നാൻ 3:17). ആരെങ്കിലും നഷ്ടപ്പെടുന്നുവെങ്കിൽ അതു യേശുവിന്റെ രക്ഷാ വഴിയെ മനഃപൂർവ്വം തള്ളിക്കളയുന്നതുകൊണ്ടാണ്. യേശു ക്രിസ്തുവിന്റെ പ്രസ്താവന അതിന്നു തെളിവാണ്. എങ്കിലും ജീവൻ പ്രാപിക്കേണ്ടതിന്നു എന്റെ അടുക്കൽ വരുവാൻ നിങ്ങൾക്കു മനസ്സില്ല (യോഹന്നാൻ 5:40). പാപികളായിരുന്ന ഇസ്രായേൽ മക്കളോട് പ്രവാചകൻ മൂലം അരുളിച്ചെയ്യുന്നതു ‘‘മനുഷ്യപാശങ്ങൾകൊണ്ടു, സ്നേഹ ബന്ധങ്ങൾ കൊണ്ടു തന്നേ,

ഞാൻ അവരെ വലിച്ചു. എന്നാൽ ജനങ്ങൾ അവരുടെ മത്സരവും ശാഠ്യവും നിമിത്തം വിട്ടകന്നു പോയി (ഹോശേയ 11:4). അവരെ കുറിച്ചു പുതിയനിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്: ''അനുസരിക്കാത്തതും മറുത്തു പറയുന്നതുമായ ജനത്തിങ്കലേക്കു ഞാൻ ഇടവിടാതെ കൈ നീട്ടി'' (റോമർ 10:21).

പത്രൊസ് യേശുവിനെ മൂന്നു പ്രാവശ്യം തള്ളിപ്പറഞ്ഞശേഷം വീണ്ടെടുപ്പുകാരനായ കർത്താവ് അവനു മൂന്നു അവസരം തന്റെ സ്നേഹത്തെ ഉറപ്പിക്കുന്നതിനു നല്കുന്നുണ്ട്. ഒരിക്കൽ തള്ളിക്കളഞ്ഞതായ സ്നേഹത്തെ പുനസ്ഥാപിക്കാനായിരുന്നു അത് (യോഹന്നാൻ 21:15). കണക്കു ബോധിപ്പിക്കുന്ന അവസാന നാളിൽ നാം എന്നേക്കുമായി നഷ്ടപ്പെടുകയാണെങ്കിൽ അതു നമ്മുടെ മാത്രം കാരണങ്ങൾ കൊണ്ടായിരിക്കും. വീണ്ടും വീണ്ടെടുപ്പിൻ സന്ദേശം ലോകത്തിൽ എല്ലായിടത്തും പ്രത്യേകിച്ച് നമ്മുടെ ഇടയിലും കേൾപ്പിക്കുന്നില്ലേ? ക്രൂശിൽ നമുക്കായി മരണം ഏറ്റെടുത്ത ദൈവപുത്രന്റെ നീതിയുടെ വഴി കാണിച്ചു തന്നിട്ടും സ്വന്ത വഴിയിൽ പ്രത്യാശവെക്കുന്നവർക്കു അവസാനം ലജ്ജയായിരിക്കും അനുഭവം. ആ ദൈവത്തിന്റെ സ്നേഹത്തെ മാനിക്കാതെ നന്ദിയില്ലാത്തവരായി തീർന്നു.

വാട്ടമില്ലാത്ത ദേശത്തിലേക്കു നയിക്കുന്ന ദിവസം എത്ര ആനന്ദമായിരിക്കും എന്നോർക്കുക. ശക്തമായ കാന്തത്തെ പോലെ ആകർഷിക്കുകയാണ് നമ്മുടെ മഹത്വമുള്ള ദൈവം. അപ്പൊസ്തലന്മാർ കണ്ടു സാക്ഷീകരിച്ച വസ്തുതയാണ് പിതാവ് പുത്രനെ ഈ ലോകത്തിലേക്കു അയച്ചു എന്നതു, ലോകത്തെ രക്ഷിക്കുവാൻ അവൻ സഹിച്ച വേദനയും ദുരിതവും ഭയങ്കരമായിരുന്നു. കാരണം നമ്മിലുള്ള ആത്മക്കളോടുള്ള അതീവ സ്നേഹം. ഇന്നും ആ സ്നേഹം കൈ നീട്ടുന്നു നമ്മെ ചേർക്കുവാനായി. പക്ഷെ നിങ്ങൾ അതു കാണുന്നുവോ?

★

# നരകം

**വെയിഡ് എൽ. വെബ്സ്റ്റർ**

നരകം എന്ന പദം എല്ലാവരേയും ഭയപ്പെടുത്തുന്ന ഒന്നാണ്. "ഈ നരകത്തിൽ നിന്നു ഒന്നു രക്ഷപെട്ടാൽ മതി" എന്ന പല്ലവി പലരിൽ നിന്നും പറഞ്ഞു നിങ്ങൾ കേട്ടിരിക്കുമല്ലോ. നരകം എന്നാൽ എന്താണ്? എന്തിനു വേണ്ടി ഉണ്ടാക്കപ്പെട്ടതാണ്? അതെവിടെയാണ്? ആരാണ് അതിലെ സ്ഥിര വാസികൾ എന്നീ കാര്യങ്ങളെ ഇപ്പോൾ തന്നെ നാം അറിഞ്ഞിരിക്കണം. കാരണം അതൊരു മിഥ്യയല്ല, മറിച്ച് യാഥാർത്ഥ്യമാണ്. സങ്കല്പമല്ല, സത്യമാണ്. ഇതിനെ സംബന്ധിച്ച തെററായ വിശ്വാസങ്ങളോ ധാരണകളോ ഉണ്ടെങ്കിൽ തിരുത്തുവാനുള്ള അവസരമാണിപ്പോൾ. അതിനായി ഈ ലേഖനം ഉപകരിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

"ഇവർ നിത്യ ദണ്ഡനത്തിലേക്കും നീതിമാന്മാർ നിത്യ ജീവങ്കലേക്കും പോകും" (മത്തായി 25:46). ഒന്നുകിൽ നിത്യജീവൻ അല്ലെങ്കിൽ നിത്യശിക്ഷാവിധി നമ്മെ കാത്തിരിക്കുന്നു എന്ന സത്യ വസ്തുതയാണ് ക്രിസ്തു നമ്മെ പഠിപ്പിക്കുന്നത്. ധാരാളം പേർ അവരുടെ മനസിൽ താലോലിക്കുന്നത് സ്വർഗ്ഗീയ സന്തോഷത്തെ കുറിച്ചുള്ള ചിന്തകളാണ്. വേറെ ചിലർ നിത്യ ശിക്ഷാവിധിയെ കുറിച്ചുള്ള ചിന്തകൾ അവരുടെ മനസിൽ നിന്നും എടുത്തു കളഞ്ഞിരിക്കയാണ്. അവരുടെ ദൃഷ്ടിയിൽ ദൈവഭയമില്ല എന്നു അപ്പൊസ്തലനായ പൌലൊസ് പറഞ്ഞിരിക്കുന്നു (റോമർ 3:18). ഇന്നു ലോകവും ലോകത്തുള്ള ബലഹീന ഉപദേഷ്ടാക്കളും, ഈ വിഷയത്തെ കുറിച്ച് നിശ്ശബ്ദത പാലിക്കുന്നുവെങ്കിലും ബൈബിൾ ശബ്ദിക്ക തന്നെ ചെയ്യുന്നു. ദൈവശ്വാസീയതയെ എഴുത്തുകാർ നരകത്തെ എടുത്തു ചിത്രീകരിച്ചിട്ടുണ്ട്. പൊതുവായ

മൂന്നു ചോദ്യങ്ങൾക്കു ഉത്തരം കണ്ടെത്തുന്നതിലൂടെ നരകം എന്ന വിഷയത്തെ സംബന്ധിച്ച ഉപദേശം നമുക്കു പഠിക്കാം.

ആദ്യമായി, നരകം ഒരു യാഥാർത്ഥ്യമോ ? ആധുനിക ലോകത്തിൽ അനവധി പേർ നരകം എന്ന യാഥാർത്ഥ്യത്തെ നിഷേധിക്കുന്നവരാണ്. മതപരമെന്ന് അവകാശപ്പെടുന്നവർക്കിടയിൽ പോലും നരകത്തെ നിഷേധിക്കുന്നവർ ഇല്ലാതില്ല. നീതിമാന്മാരെ മരണശേഷം സ്വർഗ്ഗത്തിലേക്കു നയിക്കുകയും ദുഷ്ടന്മാരെ ഉന്മൂലനാശം ചെയ്യുകയുമായിരിക്കും എന്നു ഊഹിക്കുന്നവർ ഉണ്ട്. വേറെ ചിലർ സമാധാനിക്കുന്നത്, സ്നേഹവാനായ ദൈവം ആരെയും നരകത്തിൽ തള്ളികളയുകയില്ല എന്നാണ്. ഈ തെറ്റായ ഊഹാപോഹങ്ങളെ ബൈബിൾ പ്രോത്സാഹിപ്പിക്കുന്നില്ല. ബൈബിൾ ലേഖകർ എഴുതിയിരിക്കുന്നത് നരകം ഒരു യഥാർത്ഥ സ്ഥലമായിട്ടു തന്നെയാണ്. "മോഷ്ടിച്ച വെള്ളം മധുരവും ഒളിച്ചു തിന്നുന്ന അപ്പം രുചികരവും ആകുന്നു. എങ്കിലും മൃതന്മാർ അവിടെ ഉണ്ടെന്നും അവളുടെ വിരുന്നുകാർ പാതാളത്തിന്റെ ആഴത്തിൽ ഇരിക്കുന്നു എന്നും അവൻ അറിയുന്നില്ല (സങ്കീർത്തനങ്ങൾ 9:17-18). ദാനിയേൽ എഴുതിയത്; നിലത്തിലെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ പലരും ചിലർ നിത്യ ജീവനായും ചിലർ ലജ്ജെക്കും നിത്യ നിന്ദെക്കുമായി ഉണരും (ദാനിയേൽ 12:2). നിത്യമായ ശിക്ഷക്കുള്ള സ്ഥാനമാണ് അതെന്നു ദാനിയേൽ മനസിലാക്കി, കർത്താവ്, നരകത്തെ ഓർമ്മിപ്പിക്കുന്നുണ്ട്, "ദേഹിയെ കൊല്ലുവാൻ കഴിയാതെ ദേഹത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ട; ദേഹിയെയും ദേഹത്തെയും നരകത്തിൽ നശിപ്പിപ്പാൻ കഴിയുന്നവനെ തന്നേ ഭയപ്പെടുവിൻ" (മത്തായി 10:28). നരകമുണ്ട് എന്ന വസ്തുതയെ തള്ളികളയുന്നവർ യേശുവിന്റെ ഉപദേശത്തെയാണ് തള്ളികളയുന്നത്. അവർ തള്ളികളഞ്ഞാലും സത്യം സത്യമല്ലാതാകുന്നില്ല.

രണ്ടാമതായി നരകം എന്തുപോലെ ഇരിക്കും ? ബൈബിൾ എഴുത്തുകാർ സ്വർഗ്ഗത്തിന്റെ മനോഹാരിത മാത്രമല്ല വർണ്ണിച്ചിരിക്കുന്നത്; പിന്നെയോ നരകത്തിന്റെ ശോചനീയമായ അവസ്ഥയെയും ചിത്രീകരിച്ചിട്ടുണ്ട്. നരകത്തെ തീപൊയ്ക എന്നു പ്രതിപാദിച്ചിട്ടുണ്ട് (വെളിപ്പാട് 20:15). തീച്ചൂള എന്നാണ് അതിനെ വിശേഷിപ്പിച്ചിരിക്കുന്നത് (മത്തായി 13:42). നിത്യാഗ്നി എന്നും പറഞ്ഞിട്ടുണ്ട് (മത്തായി 25:41). തീജ്വാല എന്നു പൌലൊസ് രേഖപ്പെടുത്തിയിട്ടുണ്ട് (2 തെസ്സലൊനീക്യർ 1:8). കെടാത്ത തീയായിരിക്കും അത് (മത്തായി 3:12). യാതനാസ്ഥലമായിരിക്കും നരകം. പാതാളത്തിൽ യാതന അനുഭവിക്കേണ്ടി വരും. അതിനുശേഷം നിത്യമായ യാതന നരകത്തിലും. നരകത്തിൽ ഉള്ളവരുടെ വിഷമ സ്ഥിതി യോഹന്നാൻ കാണിച്ചു കൊടുക്കുന്നത് യോഹന്നാൻ എഴുതിയിട്ടുള്ളത്: അവരുടെ ദണ്ഡനത്തിന്റെ പുക എന്നെന്നേക്കും പൊങ്ങും മൃഗത്തേയും അതിന്റെ പ്രതിമയെയും നമസ്കരിക്കുന്നവർക്കും അതിന്റെ പേരിന്റെ മുദ്ര ഏല്ക്കുന്ന ഏവനും രാവും പകലും ഒരു സ്വസ്ഥതയും ഉണ്ടാകയില്ല (വെളിപ്പാട് 14:11). അത് ഇരുണ്ട സ്ഥലമായിരിക്കും എന്നു വിവരിച്ചിട്ടുണ്ട്. ''എന്നാൽ കൊള്ളരുതാത്ത ദാസനെ ഏററവും പുറത്തുള്ള ഇരുട്ടിലേക്കു തള്ളികളവിൻ; അവിടെ കരച്ചലും പല്ലുകടിയും ഉണ്ടാകും'' (മത്തായി 25:30). പാപം ചെയ്ത ദൂതന്മാരെ ദൈവം ആദരിക്കാതെ അന്ധതമസിന്റെ ചങ്ങലയിട്ട് നരകത്തിലാക്കി ന്യായവിധിക്കായി കാപ്പാൻ കല്പിച്ചിരിക്കുന്നു (2 പത്രൊസ് 2:4). അപ്പോൾ നരകം പിശാചിന്നായി രൂപപ്പെടുത്തിയതാണ്.

★

(ശേഷം അടുത്ത ലക്കത്തിൽ)

# കണ്ണ്

E. K. കുഞ്ഞുകുഞ്ഞ്, തേപ്പുപാറ

ഗർവ്വം വമിക്കുന്ന കണ്ണും മനസ്സുമോ,
ദുഷ്ടന്റെ ദീപവും പാപവുമാണഹോ.
ഉത്സാഹമുള്ളവൻ ചിന്തിച്ചുറച്ചത്,
സമൃദ്ധിയാണെന്ന് വേദമുരക്കുമേ.

കള്ളം പറയുന്ന നാവിനാൽ കിട്ടിയതു,
പാറിപ്പറക്കുന്ന ആവിപോലാകുമേ.
അതു തേടുന്നോരുണ്ടെങ്കിൽ മരണക്കണിയെന്ന്,
ക്ഷിപ്രം മനക്കാമ്പിലാഞ്ഞു പതിക്കുമേ.

അകൃത്യം ചുമപ്പവൻ വഴിയും വളഞ്ഞുപോം,
മനസ്സു പുതുക്കി പ്രവർത്തിക്കു സോദരാ.
നല്ലതു കെട്ടതു നന്നായറിയുന്നീ,
നേരെ നിവർന്നങ്ങു നില്ക്കുമതെപ്പെഴും.

പരിഹാസകൂട്ടമേ ഉപദേശം വേണ്ടടോ,
ബുദ്ധിമതികളും തട്ടികടന്നുപോം.
പരിജ്ഞാനം വേണമെന്നാശ പകരുകിൽ,
ജ്ഞാനിയെ ബോധം പഠിപ്പിക്കു സോദരാ.

ഏഴവിളിക്കുന്ന ശബ്ദം നീ കേൾക്കിലും,
കേൾക്കാത്ത രൂപേണ പോയി മറയുകിൽ.
കട്ടായമാകവേ നീയും വിളിക്കുമേ,
കേൾക്കുകയില്ലെന്ന് നിശ്ചയം തന്നഹോ.

★

# വീട്ടിലേക്കു തിരിച്ചു വരിക

ഡോൺ വില്യംസ്

ലൂക്കൊസ് 15-ാം അദ്ധ്യായം ഇപ്പോൾ വായിച്ച് കഴിഞ്ഞതേയുള്ളൂ. പല പ്രാവശ്യം ഈ ഭാഗം ഞാൻ വായിച്ചിട്ടുണ്ട്. എന്നാൽ ഒരിക്കൽ കൂടെ അതിൽ അടങ്ങിയിരിക്കുന്ന നഷ്ടപ്പെടുന്നവരോടുള്ള സ്നേഹം പ്രദർശിപ്പിക്കുന്ന ലളിതമായ പ്രസ്താവന എന്നെ വല്ലാതെ ചിന്തിപ്പിക്കയുണ്ടായി. ആ അദ്ധ്യായം വായിച്ച് കഴിഞ്ഞപ്പോൾ അതിലെ നാലും വാക്യങ്ങൾ എന്റെ മനസിൽ പൊങ്ങി വന്നു. അതു നിങ്ങളുമായി പങ്കുവെക്കാൻ ഞാൻ ആഗ്രഹിക്കുന്നു. തിരുവെഴുത്തിലെ എല്ലാ ഭാഗങ്ങളും നമുക്കു പ്രയോജനപ്പെടുന്നവയാണ്. എന്നാൽ ഈ വാക്യങ്ങൾ നമുക്ക് പ്രത്യേകമായി ചില പാഠങ്ങൾ നല്കുന്നു.

വാക്യം 11- ഒരു മനുഷ്യനു രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു. 16-ാം അദ്ധ്യായത്തിൽ ഒരു സംഭവം വിവരിക്കുമ്പോൾ അവരുടെ പേരുകൾ പറയുന്നുണ്ട്. എന്നാൽ 15-ാം അദ്ധ്യായത്തിൽ അവരുടെ പേരുകൾ പറയുന്നില്ല. എന്തുകൊണ്ടായിരിക്കണം ഒരു മനുഷ്യന്നു രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു എന്നു മാത്രം ലൂക്കൊസ് പറഞ്ഞത് ? വെറും ഒരു മനുഷ്യനെയല്ല ഇവിടെ നാം കാണുന്നത്. ക്ഷമിക്കുവാൻ മനസു കാണിക്കുന്ന നല്ലവനായ ഒരു പിതാവിന്റെ ചിത്രമാണ് വരച്ച് നമ്മെ കാണിക്കുന്നത്. ഇത്തരം മഹനീയമായ സന്ദർഭങ്ങളിൽ അവരുടെ പേരുകൾക്കല്ല പ്രാധാന്യം പിന്നെയോ അവരുടെ പ്രവൃത്തികൾക്കാണ്. ഇളയ മകൻ മത്സരിച്ച്, മറുത്ത് ഭയങ്കരമായ ജീവിതം നയിക്കാൻ തുടങ്ങി. അവസാനം പിതാവിന്റെ അടുക്കൽ മടങ്ങി വന്നപ്പോൾ പിതാവിന്റെ കരം അലിഞ്ഞു അവനെ സ്വീകരിക്കാൻ തയ്യാറായി. ക്ഷമാപണം സകലതും നഷ്ടപ്പെടുത്തിയ ഒരാൾക്ക് എത്ര വിലപ്പെട്ടതാണ് എന്നു ഇവിടെ തെളിയുന്നു.

വാക്യം 13- ഏറെ നാൾ കഴിയും മുമ്പെ ഇളയ മകൻ സകലവും സ്വരൂപിച്ച് ദൂരദേശത്തേക്കു യാത്രയായി അവിടെ ദുർനടപ്പുകാരനായി ജീവിച്ച് വസ്തു നാനാവിധമാക്കി കളഞ്ഞു. വളരെ മോശമായ ജീവിതം നയിക്കുന്ന വ്യക്തിയെയാണ് അവനിൽ നാം കാണുന്നത്. മൂത്ത മകൻ അവന്റെ ഇളയ സഹോദരന്റെ ജീവിതത്തെ കുറിച്ച് പറയുന്നത്: "വേശ്യമാരോടു കൂടി നിന്റെ മുതൽ തിന്നു കളഞ്ഞ മകൻ എന്നത്രെ" 15:30). മൂത്ത മകൻ തന്നെത്തന്നെ ഉയർത്തി കാണിക്കാൻ ആഗ്രഹിക്കുന്നു. അവന്റെ സഹോദരനെ കാണാൻ അവനു കഴിവില്ല. മററുള്ളവരേക്കാൾ നാം നന്നായി കാണുവാൻ ആഗ്രഹിക്കുന്നു. എങ്കിലും അവരുടെയും നമ്മ എന്തുകൊണ്ട് ആഗ്രഹിച്ചുകൂടാ. അതിനു ക്ഷമിക്കുവാനുള്ള കഴിവ് ഉണ്ടാകണം. സമൂഹ ദൃഷ്ടിയിൽ നല്ല ജീവിതം നയിക്കുന്നവർ പലരുമുണ്ട്. പാപത്തിന്റെ ചെളിക്കുഴിയിൽ അപമാനിതരായി ജീവിക്കുന്നവരുമുണ്ട്. ഈ രണ്ടു കൂട്ടരും ക്രിസ്തുവിനെ അനുസരിക്കുന്നില്ലെങ്കിൽ അവർ നഷ്ടപ്പെട്ടവർ തന്നെയാണ്. ഇളയ മകന്റെ ഉള്ളിലുള്ള പാപ വഴി നീങ്ങിയപ്പോൾ അവൻ മടങ്ങി വന്നു. അവൻ വീട്ടിൽ പ്രവേശിച്ചു. എന്നാൽ മൂത്തമകൻ അതുവരെ വീട്ടിൽ കഴിഞ്ഞിരുന്നവനാണ്. പക്ഷെ സഹോദരന്റെ വരവ് അവനെ കോപിപ്പിച്ചു. യേശുക്രിസ്തുവിലുള്ള വിശ്വാസത്തോടെ കർത്താവിന്റെ സഭയിലേക്കു പ്രവേശിക്കുവാൻ ഒരു പാപി തയ്യാറായാൽ ദൈവം അവനോടു ക്ഷമിക്കും. അവന്റെ പാപങ്ങൾ, പിതാവ് മോചിച്ചു കൊടുക്കും.

വാക്യം 18- "ഞാൻ എഴുന്നേററു അപ്പന്റെ അടുക്കൽ ചെന്നു അവനോടു: അപ്പാ ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു". ഈ യുവാവ് തന്റെ പാപസംബന്ധമായ ജീവിതം എവിടെ കൊണ്ടെത്തിച്ചു എന്നു മനസിലാക്കിയപ്പോൾ, അവൻ വീട്ടിലേക്കു തിരിച്ചു പോകുവാൻ തീരുമാനിച്ചു. മാത്രമല്ല; ഭൂമിയിലുള്ള

അവൻെറ പിതാവിനോടും സ്വർഗ്ഗത്തിലുള്ള ദൈവത്തോടും ക്ഷമാപണം യാചിക്കും എന്ന് അവൻ ഉറപ്പിച്ചു. ഭൗമീക പിതാവിന്നും സർവ്വശക്തനായ ദൈവത്തിന്നും അവൻെറ പാപം ലജ്ജ ഉണ്ടാക്കി തീർത്തു. സഭയിലുള്ള ആളുകൾ പരസ്യമായി പാപം ചെയ്യുമ്പോൾ സഭയ്ക്കും ക്രിസ്തുവിനും അതു അപമാനകരമായി മാറുന്നില്ലേ ? ഒരാൾ സഭ വിട്ടുപോയി സഭക്കും ക്രിസ്തുവിനും അപമാനം വരുത്തിയശേഷം മാനസാന്തരപ്പെട്ടു തിരിച്ചു വരാൻ ആഗ്രഹിച്ചാൽ അവൻ വന്ന് സഭയോടും ദൈവത്തോടും പരസ്യമായി ക്ഷമായാചനം ചെയ്യണം. തിരുവെഴുത്തു പറയുന്നത്: എന്നാൽ നിങ്ങൾക്കു രോഗശാന്തി വരേണ്ടതിന്നു തമ്മിൽ പാപങ്ങളെ ഏററുപറഞ്ഞ് ഒരുവന്നു വേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ; നീതിമാൻെറ ശ്രദ്ധയോടു കൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു'' (യാക്കോബ് 5:16).

നാലാമത്തായി വാക്യം 24- ''എൻെറ മകൻ മരിച്ചവനായിരുന്നു; വീണ്ടും ജീവിച്ചു; കാണാതെ പോയിരുന്നു; കണ്ടു കിട്ടിയിരിക്കുന്നു എന്നു പറഞ്ഞു. ഇളയ മകൻെറ മുൻപിലത്തെ അവസ്ഥയും ഇപ്പോഴത്തെ അവസ്ഥയും വിശദമാക്കുന്നു. പിതാവിന്നു അവൻ നഷ്ടപ്പെട്ടവനായിരുന്നു. അവൻ എവിടെ എന്നുപോലും പിതാവിന്നു അറിഞ്ഞു കൂടായിരുന്നു. അവൻ മരിച്ചു കാണുമെയിരിക്കും എന്നു കരുതിയിരുന്നു. എങ്കിലും ഇപ്പോൾ അവനെ ക്കുറിച്ചു പറയുന്നത്: നഷ്ടപ്പെട്ടവനെ കണ്ടെത്തിയിരിക്കുന്നു; മരിച്ചവനെ ജീവനോടെ കിട്ടിയിരിക്കുന്നു. അവൻ എവിടെ ഭക്ഷണം കഴിച്ച് ഉറങ്ങണമോ അവിടേക്കു അവൻ മടങ്ങി വന്നിരിക്കുന്നു. അവൻെറ വീട്ടിലെ സന്തോഷവും ഭദ്രതയും ഒരിക്കൽ കൂടെ അനുഭവിക്കാൻ അവനു അവസരം ലഭിച്ചു.

എന്തെങ്കിലും കാരണം കൊണ്ടു സഭ വിട്ടുപോയ വ്യക്തിയാണോ നിങ്ങൾ ? പ്രിയ സഹോദരാ, സഹോദരി,

ദയവുചെയ്തു സഭയിലേക്കു മടങ്ങിവരിക. കാരണം ക്രിസ്തുവിന്റെ സഭയ്ക്ക് പുറത്തു രക്ഷയില്ല, സുരക്ഷിതത്വമില്ല; ആത്മിയ സന്തോഷം ഇല്ല. നിങ്ങളുടെ ആത്മാവ് നഷ്ടപ്പെട്ട അവസ്ഥയിലാണ്. മാനസാന്തരപ്പെടുക, തീരുമാനം എടുക്കുക. ദൈവത്തിന്റെ ഭവനത്തിൽ തിരിച്ചെത്തി പരസ്യമായി തെററ് ഏററു പറയുക. ദൈവത്തോട് അപേക്ഷിക്കയും ചെയ്യുക. നിങ്ങളെ സ്നേഹിക്കുന്ന ദൈവം നിങ്ങളെ കാത്തിരിക്കയാണ്. നിങ്ങളെ സ്നേഹിക്കുന്ന നിങ്ങളുടെ സഹോദരങ്ങൾ നിങ്ങളെ കാത്തിരിക്കയാണ്. സ്വർഗ്ഗത്തിൽ സന്തോഷമുണ്ടാകുന്ന സന്ദർഭമാണ് നിങ്ങളുടെ തിരിച്ചു വരവ്. ഞങ്ങൾ നിങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുന്നുണ്ട്. ശരിയായ തീരുമാനം എടുക്കേണ്ടതു നിങ്ങളാണ്.

നിങ്ങൾ പാപത്തിലും ലോകത്തിലും ആയി ജീവിക്കുന്ന വ്യക്തിയാണോ ? അതായത് സ്വന്തം ഹൃദയ വിചാരങ്ങൾ പ്രകാരം ജീവിച്ചുകൊണ്ടിരിക്കയാണോ ? ഒരുപക്ഷെ നിങ്ങൾ മതവിശ്വാസിയാകാം. അല്ലെങ്കിൽ അവിശ്വാസിയാകാം. അതുമല്ലെങ്കിൽ സമുദായങ്ങളിൽ വിശ്വസിക്കുന്ന ആളാകാം. അതെന്തായാലും ശരി നിങ്ങൾ നഷ്ടപ്പെട്ടവരാണ്. കാരണം നിങ്ങൾ ദൈവ ഭവനമാകുന്ന കർത്താവിന്റെ സഭയിൽ പ്രവേശിച്ചിട്ടില്ല. നാമധേയ വിഭാഗങ്ങൾ ക്രിസ്തുവിന്റെ ഭവനമാണെന്ന് തെററിദ്ധരിക്കുന്നവർ ഉണ്ട്. പ്രിയ സ്നേഹിതാ, കർത്താവിന്നു ഒരു ഭവനം മാത്രമാണ് ഉള്ളത്. അതുകൊണ്ട് നിങ്ങൾ ആ ഭവനത്തിലേക്കു വരണം. അവിടെയാണ് നമ്മുടെ പിതാവ് ഉള്ളത്. അവിടെയാണ് നമ്മുടെ കർത്താവ് ഉള്ളത്.

(ശേഷം അടുത്ത ലക്കത്തിൽ)

★

# മാറാത്ത ദൈവാലോചന

ദില്ലാർഡ് തർമാൻ

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

അതുകൊണ്ട് ദൈവം വാഗ്ദത്തത്തിന്റെ അവകാശികൾക്കു തന്റെ ആലോചന മാറാത്തതു എന്നു അധികം സ്പഷ്ടമായി കാണിപ്പാൻ ഇച്ഛിച്ചു ഒരു ആണയാലും ഉറപ്പു കൊടുത്തു (എബ്രായർ 6:13-18). ദൈവത്തിനു ഭോഷ്ക് പറയാൻ സാദ്ധ്യമല്ലല്ലൊ. സംശയരഹിതമായ ഒന്നാണല്ലൊ വിശ്വാസം. സംശയിക്കുന്ന മനുഷ്യൻ കർത്താവിൽനിന്നു വല്ലതും ലഭിക്കും എന്നു നിരൂപിക്കരുതു (യാക്കോബ് 1:17). ദൈവം പ്രവർത്തിക്കുന്നതു ഒക്കെയും ശാശ്വതം എന്നു ഞാൻ അറിയുന്നു; അതിനോടു ഒന്നും കൂട്ടുവാനും അതിൽനിന്നു ഒന്നും കുറെപ്പാനും കഴിയുന്നതല്ല.

## വാഗ്ദാനം ആണയാൽ ഉറപ്പിക്കുന്നു

അബ്രഹാമിനു ദൈവം വാഗ്ദാനം ചെയ്തശേഷം വീണ്ടും അതു പ്രാബല്യത്തിലാക്കുമെന്നു പറയുന്നു. 'നീ ഈ കാര്യം ചെയ്തു, നിന്റെ ഏകജാതനായ മകനെ തരുവാൻ മടിക്കായ്കകൊണ്ടു ഞാൻ നിന്നെ ഐശ്വര്യമായി അനുഗ്രഹിക്കും; നിന്റെ സന്തതിയെ ആകാശത്തിലെ നക്ഷത്രങ്ങൾപോലെയും കടല്ക്കരയിലെ മണൽ പോലെയും അത്യന്തം വർദ്ധിപ്പിക്കും; നിന്റെ സന്തതി ശത്രുക്കളുടെ പട്ടണങ്ങളെ കൈവശമാക്കും (ഉല്പത്തി 22:16-18). ഇതേ വാഗ്ദാനം അവർ ഇസ്ഹാക്കിനു ആവർത്തിച്ചുകൊടുക്കുന്നുണ്ട് (ഉല്പത്തി 26:4). അതും അബ്രഹാമിനു നല്കിയ വാഗ്ദാനം എന്ന പേരിൽ അറിയപ്പെടുന്നു.

അബ്രഹാമിന്റെ വിശ്വാസമാണ് ഇതിനു കാരണമായി തീർന്നതു്. ദൈവം അവനു വാഗ്ദാനം ചെയ്ത ദേശത്തേക്കു യാത്രയാവാൻ വിളിക്കപ്പെട്ടാറെ അനുസരിച്ചു എവിടേക്കു പോകുന്നു എന്നറിയാതെ പുറപ്പെട്ടു. വിശ്വാസത്താൽ അവൻ ഒരു അന്യദേശത്ത് എന്നപോലെ ചെന്നു വാഗ്ദത്തത്തിനു അവകാശിയാകേണ്ടതിനു അവിടെ പാർത്തു (എബ്രായർ 11:8). ദൈവം പറഞ്ഞു, അബ്രഹാം അതു വിശ്വസിച്ചു. ദൈവ വാഗ്ദാനം അവൻ പാലിക്കുമെന്നു അബ്രഹാമിനു ഉറപ്പുണ്ടായിരുന്നു. അബ്രഹാം ദൈവത്തെ വിശ്വസിക്കയും അതു അവനു നീതിക്കായി കണക്കിടുകയും ചെയ്തു എന്നുള്ള തിരുവെഴുത്ത് നിവൃത്തിയായി അവൻ ദൈവത്തിന്റെ സ്നേഹിതൻ എന്നു പേർ പ്രാപിച്ചു (യാക്കോബ് 2:23).

## വാഗ്ദാനം യേശുക്രിസ്തുവിൽ കേന്ദ്രീകരിച്ചിരിക്കുന്നു

ഇസ്രായേലിനു വളരെ പ്രാധാന്യമുള്ള ഒന്നായിരുന്നു ദൈവ വാഗ്ദാനം. എങ്കിലും മോശെയുടെ ന്യായപ്രമാണ കാലഘട്ടത്തിൽ സംഭവിക്കേണ്ടതായിരുന്നില്ല. ലോകാവകാശിയാകും എന്നുള്ള വാഗ്ദാനം അബ്രഹാമിനോ അവന്റെ വംശത്തിനോ ന്യായപ്രമാണത്താലല്ല വിശ്വാസത്തിന്റെ നീതിയാലല്ലൊ ലഭിച്ചതു. എന്നാൽ ന്യായപ്രമാണമുള്ളവർ അവകാശികൾ എങ്കിൽ വിശ്വാസം വ്യർത്ഥവും വാഗ്ദാനം ദുർബ്ബലവും ആകുന്നു (റോമർ 4:13-14). അവകാശം ന്യായപ്രമാണത്താൽ എങ്കിൽ വാഗ്ദത്തത്താലല്ല വരുന്നതു. അബ്രഹാമിനോ ദൈവം അതിനെ വാഗ്ദത്തംമൂലം നൽകി (ഗലാത്യർ 3:17-18). സീനായ് പർവ്വതത്തിൽ വെച്ച് മോശെ മുഖാന്തരം ന്യായപ്രമാണം നല്കുന്നതിനു നാന്നൂററിമുപ്പതു സംവത്സരം മുൻപ് ദൈവം നല്കിയ നിയമത്തെ ദൈവം ഒരിക്കലും ദുർബ്ബലമാക്കുന്നില്ല. ദൈവം അന്നു നല്കിയ വാഗ്ദത്തത്തിന്റെ ആണയും ഉറപ്പും ജാതികൾക്കു പ്രത്യാശ നല്കുന്നു. അബ്രഹാമിന്റെ

വിശ്വാസമുള്ള എല്ലാവർക്കും ലഭ്യമാകേണ്ട രീതിയിൽ ഒരുക്കിയിരിക്കയാണ് ദൈവീക വാഗ്ദാനം. യേശുക്രിസ്തുവിലുള്ള വിശ്വാസംമൂലം സകല ജാതികൾക്കും ദൈവമക്കൾ ആകുവാനും അവകാശം പ്രാപിപ്പാനും ഇടയാകും.

## വാഗ്ദാനത്തിൽ ഉള്ള അനുഗ്രഹങ്ങൾ

ദൈവ വാഗ്ദാനങ്ങൾ ആണയിൽ ഉറപ്പിച്ച് സ്ഥിരപ്പെടുത്തിയിരിക്കയാൽ അനുഗ്രഹങ്ങൾ എവിടെയാണു ലഭിക്കുക എന്നു നാം വായിച്ച് മനസിലാക്കേണ്ടിയിരിക്കുന്നു. ദൈവത്തിൻെറ വാഗ്ദാനങ്ങൾ എത്ര ഉണ്ടെങ്കിലും അവനിൽ ഉവ്വ് എന്നത്രെ. അതുകൊണ്ടു ഞങ്ങളാൽ ദൈവത്തിനു മഹത്വം ഉണ്ടാകുമാറു അവനിൽ ആമേൻ എന്നും തന്നെ (2 കൊരിന്ത്യർ 1:20). രക്ഷയുടെ വാഗ്ദാനങ്ങൾ എല്ലാം ക്രിസ്തുവിൽ മാത്രം, ക്രിസ്തുവിനു പുറത്തു യാതൊരു വാഗ്ദാനവും ഇല്ല. ആകയാൽ വാഗ്ദാനം ചെയ്ത അനുഗ്രഹങ്ങൾ പ്രാപിക്കുവാൻ ഒരാൾ ക്രിസ്തുവിൽ ആയിത്തീരണം. എഫെസ്യർക്കു ലേഖനമെഴുതുമ്പോൾ വചനമനുസരിച്ചവരെ ഉത്തേജിപ്പിച്ചു പറയുന്നു. സ്വർഗ്ഗത്തിലെ സകല ആത്മീക അനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ (എഫെസ്യർ 1:3). രക്ഷ ക്രിസ്തുവിൽ മാത്രമായിരിക്കകൊണ്ടു രക്ഷിക്കപ്പെടുവാൻ നാം ക്രിസ്തുവിൻെറ ആജ്ഞയാണ് അനുസരിക്കേണ്ടതു. വിശ്വാസവും അനുസരണവും അനുഗ്രഹങ്ങൾ പ്രാപിക്കുവാൻ കൂടിയേ തീരു. ഇതു സകല മനുഷ്യർക്കുമായി സ്ഥിരമായി നിശ്ചയിച്ചിരിക്കുന്ന നിയമമാണ്.

★

# മററുള്ളവരെ വിധിക്കൽ

## മാർലിൻ കിൻ പാട്രിക്

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

വെറും തത്വജ്ഞാനത്തിൽ ഊന്നി സ്വാർത്ഥത പ്രകടിപ്പിക്കുവാനല്ല നാം തയ്യാറാകേണ്ടതു. ദുർച്ചിന്ത, ദുസ്സംശയവിചാരവിധി എന്നിവ ഒരിക്കലും ആർക്കും പ്രയോജനം ചെയ്യുന്നവയല്ല. അതുകൊണ്ട് ആ വ്യക്തിക്കും മററുള്ളവർക്കും ഒരുപോലെ അതു ദോഷമായി ഭവിക്കും. സ്വഭാവശുദ്ധി എല്ലാവരിൽനിന്നും ദൈവം പ്രതീക്ഷിക്കുന്നു. ക്രിസ്തു യേശുവിലുള്ള വിശ്വാസത്തിലും സ്നേഹത്തിലും പരിശുദ്ധാത്മാവിനാലുള്ള സഹായത്താലും അതു സൂക്ഷിക്കണം. അന്യായവും ന്യായവും തമ്മിൽ വിവേചിച്ച് മനസ്സിലാക്കി സംസാരിക്കയും പ്രവർത്തിക്കയും ചെയ്യുവാനാണ് നാം പരിശ്രമിക്കേണ്ടതു. ദൈവപ്രമാണങ്ങളിൽ ആഴമേറിയ ജ്ഞാനം ഇതിനു അനിവാര്യമാണ്. മനസ്സാക്ഷി നമുക്കു മാത്രമല്ല, മററുള്ളവർക്കുമുണ്ട് എന്നു നാം ഓർക്കണം. നാം നമ്മുടെ കടമ നിർവ്വഹിക്കയും മററുള്ളവർ നമുക്കു ചെയ്യേണം എന്നു നാം ആഗ്രഹിക്കുന്നതു അവർക്കു ചെയ്യുകയും വേണം. ക്രിസ്ത്യാനിത്വത്തിൽ ഇന്നു സ്നേഹത്തിന്റെ വ്യാപാരശക്തി കുറഞ്ഞിരിക്കുന്നതുകൊണ്ട് അനൈക്യം വാണരുളുകയാണ്. ആത്മീയ പക്വതയിലേക്കു സത്യക്രിസ്ത്യാനികൾ വളരണം. എങ്കിലേ ഇതിനു പരിഹാരമാകയുള്ളൂ.

സഹോദരന്മാരേ, നാം മററുള്ളവരെ എന്തെങ്കിലും കാര്യത്തിൽ ശരിയായ വിധി നടത്തേണ്ട സാഹചര്യം വരുമ്പോൾ അതു സൗമ്യതയോടെ ആയിരിക്കണം ചെയ്യേണ്ടത്.

★

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggi Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth. Post Box 3815, New Delhi-110049.

Mondays — 9.00 to 9.15 P.M.
Fridays — 7.45 to 8.00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar. Post Box 3815, New Delhi-110049.

Sundays — 12 45 to 1.00 P.M.
Tuesdays — 9.00 to 9.15 P.M.
Thursdays — 9.00 to 9.15 P.M.
Fridays — 9.00 to 9.15 P.M.

**TELUGU**—The Voice of Truth—Speaker: Joshua Gootam

All correspondence should be sent to The Voice of Truth Post Box 80, Kakinada-533001.

Sundays — 2.30 to 2.45 P.M.
Tuesdays — 2.30 to 2.45 P.M.
Thursdays — 2.30 to 2.45 P.M.
Fridays — 2.30 to 2.45 P.M.
Saturdays — 2.30 to 2.45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth Post Box 8405, Bangalore 560084.

Tuesdays — 5.30 to 5.45 P.M.
Thursdays — 6.45 to 7.00 P.M.
Sundays — 6.45 to 7.00 P.M.

**MALAYALAM**—The Voice of Truth—Speaker: P. K. Varghese

All correspondence should be sent to Church of Christ Trivandrum - 695034 Kerala.

Tuesdays & Fridays — 3.45 to 4.00 p.m.

**KANNADA**—The Voice of Truth—Speaker: Robert Rathnakar—Box. 448, Bangalore—560004

Sundays — 1.45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum.

Reg: No. K. Dis 96095/86/ A8, Regd. No. KL/TV (N) 22

# പുതുവൽസരാശംസകൾ !

എല്ലാ മാന്യ വായനക്കാർക്കും ബൈബിൾ ട്രൂത്തിന്റെ നവവത്സരാശംസകൾ. ഈ പുതിയ വർഷം നന്മകൾ ലഭിക്കുവാനായി ദൈവത്തെ പൂർണ്ണമായി അനുസരിക്കുവാൻ തീരുമാനമെടുക്കുക. അങ്ങനെ ജീവിച്ചാൽ ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കും.

എഡിററർ

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

From

THE BIBLE TRUTH
Church of Christ
Behind Sanskrit College
Thiruvananthapuram-695 034
Phone : 443978

To